കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രസവകാലാനുകൂല്യ ആക്റ്റ്, 1961

## (1961-ലെ 53-ാം നമ്പർ ആക്റ്റ്)

ഇന്ത്യാ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പ്രസവകാലാനുകൂല്യ ആക്ററ്, 1961

(1961-ലെ 53-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

# പ്രസവകാലാനുകൂല്യ ആക്റ്റ്, 1961

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. ആക്റ്റിന്റെ ബാധകത.
3. നിർവ്വചനങ്ങൾ.
4. ചില കാലങ്ങളിൽ സ്ത്രീകളെ നിയോജിക്കുന്നതോ സ്ത്രീകൾ പ്രവൃത്തി ചെയ്യുന്നതോ നിരോധിച്ചിരിക്കുന്നു എന്ന്.
5. പ്രസവകാലാനുകൂല്യം കിട്ടാനുള്ള അവകാശം.

5ക. ചില സംഗതികളിൽ പ്രസവകാലാനുകൂല്യം കൊടുക്കുന്നതു തുടരൽ.

6. പ്രസവകാലാനുകൂല്യത്തിനുള്ള അവകാശവാദത്തിന്റെ നോട്ടീസും പ്രസവകാലാനുകൂല്യം കൊടുക്കലും.
7. സ്ത്രീ മരിക്കുന്ന സംഗതിയിൽ പ്രസവാനുകൂല്യം കൊടുക്കൽ.
8. മെഡിക്കൽ ബോണസ് നല്കുന്നത്.
9. ഗർഭമലസലിനുള്ള അവധി.
10. ഗർഭാവസ്ഥയിൽനിന്നോ പ്രസവത്തിൽനിന്നോ കുട്ടിയുടെ അകാല ജനനത്തിൽനിന്നോ ഗർഭം അലസലിൽനിന്നോ ഉദ്ഭവിക്കുന്ന സുഖക്കേടിനുള്ള അവധി.
11. പരിചരണത്തിനുള്ള ഒഴിവുകൾ.
12. ഹാജരാകാതിരിക്കുന്നതോ ഗർഭമുള്ളതോ ആയ കാലത്തെ ഡിസ്മിസൽ.
13. ചില സംഗതികളിൽ കൂലിയിൽ കിഴിവ് പാടില്ലെന്ന്.
14. ഇൻസ്പെക്റ്റർമാരുടെ നിയമനം.
15. ഇൻസ്പെക്റ്റർമാരുടെ അധികാരവും കർത്തവ്യങ്ങളും.
16. ഇൻസ്പെക്റ്റർമാർ പബ്ലിക് സർവൻറുമാരായിരിക്കുമെന്ന്.
17. പണം കൊടുക്കാൻ നിദേശിക്കാനുള്ള ഇൻസ്പെക്റ്റർമാരുടെ അധികാരം.
18. പ്രസവകാലാനുകൂല്യം നഷ്ടപ്പെടൽ.
19. ആക്റ്റിന്റേയും അതിൻകീഴിലുള്ള ചട്ടങ്ങളുടേയും സംക്ഷേപം പ്രദർശിപ്പിക്കേണ്ടതാണെന്ന്.
20. രജിസ്റ്ററുകൾ മുതലായവ.

വകുപ്പുകരം

21. നിയോജകൻ ആക്ററ് ഉല്ലംഘിക്കുന്നതിനുള്ള ദണ്ഡനം.

22. ഇൻസ്പെക്ററെ തടസ്സപ്പെടുത്തുന്നതിനുള്ള ദണ്ഡനം,

23. കുററങ്ങരം നടപടിക്കെടുക്കുന്നത്.

24. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.

25. നിദേശങ്ങരം നല്കുന്നതിന് കേന്ദ്ര ഗവൺമെൻറിനുള്ള അധികാരം.

26. സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.

27. ഈ ആക്ററിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.

28. ചട്ടങ്ങരം ഉണ്ടാക്കാനുള്ള അധികാരം.

29. 1951-ലെ 69-ാം ആക്ററിൻെറ ഭേദഗതി.

30. റദ്ദാക്കൽ.

# പ്രസവകാലാനുകൂല്യ ആക്റ്റ്, 1961

(1961-ലെ 53-ാം നമ്പർ)

## ചില സ്ഥാപനങ്ങളിൽ പ്രസവത്തിന് മുമ്പും പിൻപുമുള്ള ചില കാലങ്ങളിലേക്കുള്ള സ്ത്രീകളുടെ നിയോജനം ക്രമപ്പെടുത്താനും, പ്രസവകാലാനുകൂല്യത്തിനും മററു ചില ആനുകൂല്യങ്ങൾക്കും വ്യവസ്ഥ ചെയ്യാനും ഉള്ള ആക്റ്റ്

[1961 ഡിസംബർ, 12]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പന്ത്രണ്ടാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും. —(1) ഈ ആക്റ്റിന്, പ്രസവകാലാനുകൂല്യ ആക്റ്റ്, 1961 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത്,—

(ക) ഖനികളേയും, ഏതു സ്ഥാപനത്തിലാണ് കുതിരസവാരി പ്രകടനങ്ങളുടേയും കായികാഭ്യാസ പ്രകടനങ്ങളുടേയും മററു പ്രകടനങ്ങളുടേയും പ്രദർശനത്തിനായി ആളുകളെ നിയോജിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും സ്ഥാപനത്തേയും സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറും;

(ഖ) ഒരു സ്റേററിലെ മററു സ്ഥാപനങ്ങൾ സംബന്ധിച്ച് സ്റേററ് ഗവൺമെൻറും;

ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. ആക്റ്റിൻെറ ബാധകത.—(1) ഇത്, ആദ്യമായി, ഫാക്റ്ററിയോ ഖനിയോ, തോട്ടമോ—ഗവൺമെൻറുവക അങ്ങനെയുള്ള ഏതെങ്കിലും സ്ഥാപനം ഉൾപ്പെടെ—ആയ, ഏതൊരു സ്ഥാപനത്തിനും, ഏതു സ്ഥാപനത്തിലാണോ കുതിരസവാരി പ്രകടനങ്ങളുടേയും കായികാഭ്യാസപ്രകടനങ്ങളുടേയും മററു പ്രകടനങ്ങളുടേയും പ്രദർശനത്തിനായി ആളുകളെ നിയോജിക്കുന്നത്, അങ്ങനെയുള്ള ഏതൊരു സ്ഥാപനത്തിനും ബാധകമായിരിക്കുന്നതാണ്:

എന്നാൽ, കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി സ്റേററ് ഗവൺമെൻറിന്, ഈ ആക്റ്റിലെ എല്ലാ വ്യവസ്ഥകളുമോ, അവയിൽ ഏതെങ്കിലുമോ വ്യാവസായികമോ വാണിജ്യപരമോ കാർഷികമോ മററുവിധത്തിൽ ഉള്ളതോ ആയ മറേറതെങ്കിലും സ്ഥാപനത്തിനോ, തരം സ്ഥാപനങ്ങൾക്കോ കൂടി ബാധകമായ രിക്കുന്നതാണെന്ന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രഖ്യാപിക്കുന്നതിനുള്ള അതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് രണ്ടുമാസത്തിൽകുറയാത്ത നോട്ടീസ് നല്കിയതിനുശേഷം അപ്രകാരം പ്രഖ്യാപിക്കാവുന്നതാണ്.

(2) 5ക വകുപ്പിൽ വ്യവസ്ഥചെയ്യുന്ന വിധമല്ലാതെ ഈ ആക്ററിൽ അടങ്ങിയ യാതൊന്നും, ജോലിക്കാർ സ്റേററ് ഇൻഷ്വറൻസ് ആക്ററ്, 1948 (1948-ലെ 34)-ലെ വ്യവസ്ഥകൾ, തൽസമയം ബാധകമായിട്ടുള്ള ഏതെങ്കിലും ഫാക്ടറിക്കോ മററു സ്ഥാപനത്തിനോ ബാധകമായിരിക്കുന്നതല്ല.

3. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

സ്ഥാപനമോ ഏത് സ്ഥാപനത്തിലാണോ കുതിരസവാരി പ്രകടനങ്ങളുടെയും കായികാഭ്യാസ പ്രകടനങ്ങളുടേയും മററുപ്രകടനങ്ങളുടേയും പ്രദർശനത്തിനായി ആളുകളെ നിയോജിക്കുന്നത്, അങ്ങനെയുള്ള—

(ക) "സമുചിത ഗവൺമെൻറി"ന്, ഖനിയായ ഏതൊരു സ്ഥാപനമോ സംബന്ധിച്ച്, കേന്ദ്ര ഗവൺമെൻറ് എന്നും, മറേറതെങ്കിലും സ്ഥാപനം സംബന്ധിച്ച് സ്റേററ് ഗവൺമെൻറ് എന്നും അർത്ഥമാകുന്നു ;

(ഖ) "കുട്ടി"യിൽ, ചാപിള്ളയും ഉൾപ്പെടുന്നു ;

(ഗ) "പ്രസവ"ത്തിന്, കുട്ടിയുടെ ജനനം എന്നർത്ഥമാകുന്നു ;

(ഘ) "നിയോജക"ന്, —

(i) ഗവൺമെൻറിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള ഒരു സ്ഥാപനം സംബന്ധിച്ച് ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഗവൺമെൻറ് നിയമിക്കുന്ന ആളോ അധികാരസ്ഥാനമോ എന്നും, അപ്രകാരം ആളേയോ അധികാരസ്ഥാനത്തേയോ നിയമിച്ചിട്ടില്ലാത്തിടത്ത്, വകുപ്പിൻെറ അദ്ധ്യക്ഷനെന്നും ;

(ii) ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻ കീഴിലുള്ള ഒരു സ്ഥാപനം സംബന്ധിച്ച്, ജോലിക്കാരുടെ മേൽ നോട്ടത്തിനും നിയന്ത്രണത്തിനുമായി അങ്ങനെയുള്ള അധികാരസ്ഥാനം നിയമിക്കുന്ന ആൾ എന്നും, അപ്രകാരം ആളെ നിയമിച്ചിട്ടില്ലാത്തിടത്ത്, തദ്ദേശാധികാരസ്ഥാനത്തിൻെറ മുഖ്യനിർവ്വാഹക ഉദ്യോഗസ്ഥൻ എന്നും ;

(iii) മറേറതെങ്കിലും സംഗതിയിൽ, സ്ഥാപനത്തിൻെറ കാര്യങ്ങളുടെ മേൽ അന്തിമമായ നിയന്ത്രണമുള്ള ആളോ അധികാരസ്ഥാനമോ എന്നും, മുൻപറഞ്ഞ കാര്യങ്ങൾ മറേറതെങ്കിലും ആളൊ—അയാൾക്ക് മാനേജർ എന്നോ, മാനേജിങ്ങ് ഡയറക്ടറെന്നോ, മാനേജിങ്ങ് ഏജൻറ് എന്നോ മറേറതെങ്കിലുമോ പേർപറഞ്ഞാലും,—ഭരമേല്പിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആൾ എന്നും,

അർത്ഥമാകുന്നു.

(ങ) "സ്ഥാപന"ത്തിന്

(i) ഒരു ഫാക്ടറിയോ,

(ii) ഒരു ഖനിയോ,

(iii) ഒരു തോട്ടമോ,

(iv) കുതിരസവാരി പ്രകടനങ്ങളുടേയും കായികാഭ്യാസപ്രകടനങ്ങളുടേയും പ്രദർശനത്തിനായി ആളുകളെ നിയോജിക്കുന്ന സ്ഥാപനമോ; അല്ലെങ്കിൽ

(v) ഈ ആക്ററിലെ വ്യവസ്ഥകൾ ബാധകമാണെന്ന് 2-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമോ, എന്നർത്ഥമാകുന്നു.

(ഛ) " ഫാക്ററി'' ക്ക്, ഫാക്ററി ആക്ററ്, 1948 (1948-ലെ 63)-ലെ 2-ാം വകുപ്പ്(ഡ)ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഫാക്ററി എന്നർത്ഥമാകുന്നു ;

(ഛ) "ഇൻസ്പെക്ററർ'' ക്ക്, 14-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഇൻസ്പെക്ററർ എന്നർത്ഥമാകുന്നു ;

(ജ) "പ്രസവകാലാനുകൂല്യ''ത്തിന് 5-ാം വകുപ്പ്(1) -ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പണം കൊടുക്കൽ എന്നർത്ഥമാകുന്നു ;

(ഝ) "ഖനി'' യ്ക്ക്, ഖനികൾ ആക്ററ്, 1952 (1952-ലെ 35)-ലെ 2-ാം വകുപ്പ് (ഞ) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ഖനി എന്നർത്ഥമാകുന്നു ;

(ഞ) "ഗർഭമലസ''ലിന് ഗർഭധാരണത്തിന്റെ ഇരുപത്താറാമത്തെ ആഴ്ചയ്ക്കു മുമ്പോ, ആ ആഴ്ചയിലോ ഉള്ള ഏതെങ്കിലും കാലത്ത് ഗർഭം വഹിക്കുന്ന ഗർഭപാത്രത്തിന്റെ ഉള്ളടക്കത്തിന്റെ പുറം തള്ളൽ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ഏതു ഗർഭമലസൽ സംഭവിപ്പിക്കുന്നതാണോ ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യ്ക്കു കീഴിൽ ശിക്ഷിക്കപ്പെടാവുന്നതായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഗർഭമലസൽ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു ;

(ട) "തോട്ട''ത്തിന്, തോട്ടം തൊഴിലാളി ആക്ററ്, 1951(1951-ലെ-69)-ലെ 2-ാം വകുപ്പ് (ഛ) ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള തോട്ടം എന്നർത്ഥമാകുന്നു;

(ഠ) "നിർണ്ണയിക്കപ്പെടുന്ന'' എന്നതിന്, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു ;

(ഡ) "സ്റേററ് ഗവൺമെൻറി''ന്, ഒരു യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ച് അതിന്റെ ഭരണകർത്താവ് എന്നർത്ഥമാകുന്നു;

(ഢ) "കൂലി''ക്ക്, നിയോജനകാൺട്രാക്ററിന്റെ പ്രകടമോ വ്യംഗ്യമോ ആയ നിബന്ധനകൾ നിറവേറാപ്പെടുന്നുവെങ്കിൽ, ഒരു സ്ത്രീയ്ക്കു പണമായി കൊടുക്കുന്നതോ കൊടുക്കേണ്ടതോ ആയ എല്ലാ വേതനവും എന്നർത്ഥമാകുന്നതും, അതിൽ—

(1) (ക്ഷാമബത്തയും വീട്ടുവാടകബത്തയും ഉൾപ്പെടെ) ഒരു സ്ത്രീയ്ക്ക് തൽസമയം അവകാശപ്പെട്ടിരിക്കുന്ന പണമായിട്ടുള്ള ബത്തകളും ;

(2) പ്രോത്സാഹന ബോണസും ;

(3) ഭക്ഷ്യധാന്യമോ മററു സാധനങ്ങളോ ആനുകൂല്യത്തിൻമേൽ നല്കുന്നതിന്റെ പണമായിട്ടുള്ള മൂല്യവും ;

ഉൾപ്പെടുന്നതും, എന്നാൽ അതിൽ—

(i) പ്രോത്സാഹന ബോണസ് അല്ലാത്ത ഏതെങ്കിലും ബോണസും ;

(ii) ഓവർടൈം ആർജ്ജനങ്ങളും പിഴവകയിൽ ചെയ്യുന്ന ഏതെങ്കിലും കിഴിവും അല്ലെങ്കിൽ കൊടുക്കുന്ന ഏതെങ്കിലും തുകയും ;

(iii) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ നിയോജകൻ ഏതെങ്കിലും പെൻഷൻ ഫണ്ടിലേയ്ക്കോ , പ്രാവിഡൻറ് ഫണ്ടിലേയ്ക്കോ അല്ലെങ്കിൽ ആ സ്ത്രീയുടെ ഗുണത്തിനായോ കൊടുക്കുന്നതോ കൊടുക്കേണ്ടതോ ആയ ഏതെങ്കിലും അംശദായവും ;

(iv) സേവനം അവസാനിക്കുന്നതിൻമേൽ കൊടുക്കേണ്ട ഏതെങ്കിലും ഗ്രാററുവിററിയും,

ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ണ) "സ്ത്രീ"യ്ക്ക്, ഏതെങ്കിലും സ്ഥാപനത്തിൽ കൂലിക്ക് നിയോജിക്കപ്പെടുന്ന സ്ത്രീ, അങ്ങനെ നിയോജിക്കപ്പെടുന്നത് നേരിട്ടോ ഏതെങ്കിലും ഏജൻസി മുഖേനയോ ആയാലും, എന്നർത്ഥമാകുന്നു.

4. ചില കാലങ്ങളിൽ സ്ത്രീകളെ നിയോജിക്കുന്നതോ സ്ത്രീകൾ പ്രവൃത്തി ചെയ്യുന്നതോ നിരോധിച്ചിരിക്കുന്നു എന്ന്.—(1) യാതൊരു നിയോജകനും, ബോധപൂർവ്വം, ഒരു സ്ത്രീയെ, അവളുടെ പ്രസവത്തിന്റേയോ ഗർഭമലസലിന്റേയോ ദിവസത്തിന് തൊട്ടുപിൻപുള്ള ആറാഴ്ചക്കാലം ഏതെങ്കിലും സ്ഥാപനത്തിൽ നിയോജിക്കുവാൻ പാടുള്ളതല്ല.

(2) യാതൊരു സ്ത്രീയും, അവളുടെ പ്രസവത്തിന്റേയോ ഗർഭമലസലിന്റേയോ ദിവസത്തിനു തൊട്ടുശേഷമുള്ള ആറാഴ്ചക്കാലത്തേയ്ക്കു ഏതെങ്കിലും സ്ഥാപനത്തിൽ തൊഴിൽ ചെയ്യുവാൻ പാടുള്ളതല്ല.

(3) 6-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗംവരാതെ, ഗർഭമുള്ള യാതൊരു സ്ത്രീയുടേയും നിയോജകൻ, അവളോട്, അവൾ ഇതിലേക്ക് അപേക്ഷിക്കുന്നതിൻമേൽ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന കാലത്ത് അദ്ധ്വാനമുള്ള പ്രകൃതത്തോടുകൂടിയതോ, വളരെനേരം നില്ക്കുന്നത് ആവശ്യമാക്കുന്നതോ അവളുടെ ഗർഭത്തിനോ ഗർഭപിണ്ഡത്തിന്റെ സാധാരണ വികാസത്തിനോ ഏതെങ്കിലും വിധത്തിൽ വിഘാതം ഉണ്ടാക്കാൻ ഇടയുള്ളതോ, അവളുടെ ഗർഭം അലസിക്കാനോ മററു വിധത്തിൽ അവളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാനോ ഇടയുള്ളതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിന് ആവശ്യപ്പെടാൻ പാടുള്ളതല്ല.

(4) (3)-ാം ഉപവകുപ്പിൽ പരാമർശിച്ച കാലം—

(ക) അവളുടെ പ്രതീക്ഷിക്കപ്പെടുന്ന പ്രസവത്തിന്റെ തീയതിക്കു മുമ്പിലത്തെ ആറാഴ്ചക്കാലത്തിന് തൊട്ടു മുമ്പുള്ള ഒരു മാസക്കാലവും;

(ഖ) മുൻപറഞ്ഞ ആറാഴ്ചക്കാലത്തിൽ, ഗർഭമുള്ള സ്ത്രീ 6-ാം വകുപ്പിൻകീഴിൽ അവധി എടുക്കാത്ത ഏതെങ്കിലും കാലവും,

ആയിരിക്കുന്നതാണ്.

5. പ്രസവകാലാനുകൂല്യം കിട്ടാനുള്ള അവകാശം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതൊരു സ്ത്രീയ്ക്കും, അവളുടെ പ്രസവദിവസത്തിന് തൊട്ടു മുൻപും പ്രസവദിവസം ഉൾപ്പെടെയും അവർ യഥാർത്ഥത്തിൽ ഹാജരാകാതിരുന്ന കാലത്തേക്കും, ആ ദിവസത്തിനു തൊട്ടുപിൻപുള്ള ആറ് ആഴ്ചക്കാലത്തേക്കും, ശരാശരി ദിവസക്കൂലിയുടെ നിരക്കിൽ പ്രസവകാലാനുകൂല്യം കിട്ടുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, അവളുടെ നിയോജകൻ അത് കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിന്, ശരാശരി ദിവസക്കൂലി എന്നാൽ, ഏതു തീയതി മുതല്ക്കാണോ ആ സ്ത്രീ പ്രസവകാലമായതു കാരണം ഹാജരാകാതിരിക്കുന്നത്, ആ തീയതിക്കു തൊട്ടുമുൻപുള്ള മൂന്നു കലണ്ടർ മാസക്കാലം അവൾ പ്രവൃത്തി ചെയ്തിട്ടുള്ള ദിവസങ്ങൾക്ക് അവൾക്ക് കൊടുക്കേണ്ട കൂലിയുടെ ശരാശരിയോ, പ്രതിദിനം ഒരു രൂപയോ, അവയിൽ ഏതാണോ കൂടുതൽ, അത് എന്നർത്ഥമാകുന്നു.

(2) യാതൊരു സ്ത്രീയ്ക്കും, അവരം ഏതു നിയോജകനിൽ നിന്നാണോ താൻ പ്രസവകാലാനുകൂല്യം അവകാശപ്പെടുന്നത്, ആ നിയോജകന്റെ ഒരു സ്ഥാപനത്തിൽ, തന്റെ പ്രതീക്ഷിക്കപ്പെടുന്ന പ്രസവത്തിന്റെ തീയതിക്കു തൊട്ടുമുൻപുള്ള പന്ത്രണ്ടുമാസങ്ങളിൽ നൂററിഎൺപതുദിവസത്തിൽ കുറയാത്ത കാലം, താൻ യഥാർത്ഥത്തിൽ പ്രവൃത്തിചെയ്തിട്ടില്ലാത്തപക്ഷം, പ്രസവ കാലാനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുന്നതല്ല:

എന്നാൽ, മുൻപറഞ്ഞ നൂററിഎൺപത് ദിവസത്തെ യോഗ്യതാകാലാവധി ആസ്സാം സ്റേററിൽ നാടുമാറി പാർത്തിട്ടുള്ളവളും നാടുമാറിപ്പാർപ്പുസമയത്ത് ഗർഭിണിയായിരുന്നവളും ആയ സ്ത്രീക്ക് ബാധകമായിരിക്കുന്നതല്ല.

വിശദീകരണം.—ഒരു സ്ത്രീ സ്ഥാപനത്തിൽ യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്തിട്ടുള്ള ദിവസങ്ങരം ഈ ഉപവകുപ്പിൻകീഴിൽ കണക്കാക്കുന്ന ആവശ്യത്തിലേക്ക്, അവളുടെ പ്രതീക്ഷിക്കപ്പെടുന്ന പ്രസവത്തിന്റെ തീയതിക്കു തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസക്കാലത്ത്, അവരം ലേ ഓഫ് ചെയ്യപ്പെട്ടിരുന്ന ദിവസങ്ങരം കണക്കിലെടുക്കപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും സ്ത്രീയ്ക്ക് പ്രസവകാലാനുകൂല്യത്തിന് അവകാശപ്പെട്ട പരമാവധി കാലയളവ് പന്ത്രണ്ട് ആഴ്ച, അതായത്, അവളുടെ പ്രസവദിവസം ഉരംപ്പെടെ പ്രസവദിവസം വരെ ആറ് ആഴ്ചയും ആ ദിവസത്തെ തൊട്ടു പിൻപുള്ള ആറ് ആഴ്ചയും ആയിരിക്കുന്നതാണ്:

എന്നാൽ, ഒരു സ്ത്രീ ഈ കാലയളവിൽ മരിക്കുന്നിടത്ത്, പ്രസവകാലാനുകൂല്യം കൊടുക്കാനുള്ളത് അവളുടെ മരണദിവസം ഉരംപ്പെടെ മരണദിവസം വരെയുള്ള ദിവസങ്ങരംക്ക് മാത്രമായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഒരു സ്ത്രീ ഒരു കുട്ടിയെ പ്രസവിച്ചിരിക്കെ, തന്റെ പ്രസവത്തിനിടയിലോ പ്രസവത്തീയതിയ്ക്കു തൊട്ടു പിൻപുള്ള ആറാഴ്ചക്കാലത്തിനുള്ളിലോ ഇരു സംഗതികളിലേതിലായാലും ആ കുട്ടിയെ വിട്ടുംവച്ച് മരിക്കുന്നിടത്ത്, നിയോജകൻ അവളുടെ പ്രസവദിവസത്തിന് തൊട്ടുപിൻപുള്ള മുഴുവൻ ആറാഴ്ചക്കാലത്തേയ്ക്ക്, എന്നാൽ മുൻപറഞ്ഞ കാലത്തിനുള്ളിൽ കുട്ടിയും മരിക്കുകയാണെങ്കിൽ, കുട്ടിയുടെ മരണദിവസം ഉരംപ്പെടെ മരണദിവസം വരെയുള്ള ദിവസങ്ങരംക്ക് ഉള്ള പ്രസവകാലാനുകൂല്യത്തിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

5ക. <u>ചില സംഗതികളിൽ പ്രസവകാലാനുകൂല്യം കൊടുക്കുന്നതു തുടരൽ.</u>— ഈ ആക്ററിൻകീഴിൽ പ്രസവകാലാനുകൂല്യം കിട്ടാൻ അവകാശമുള്ള ഏതൊരു സ്ത്രീയ്ക്കും, അങ്ങനെയുള്ള അവകാശം, താൻ നിയോജിക്കപ്പെട്ടിട്ടുള്ള ഫാക്ററിക്കോ മററു സ്ഥാപനത്തിനോ ജോലിക്കാർ സ്റേററ് ഇൻഷ്വറൻസ് ആക്ററ്, 1948 (1948-ലെ 31) ബാധകമാണെന്നിരുന്നാലും, ആ ആക്ററ് 50-ാം വകുപ്പിൻ കീഴിൽ പ്രസവകാലാനുകൂല്യം അവകാശപ്പെടാൻ താൻ യോഗ്യതയുള്ളവളായി ത്തീരുന്നതുവരെ, തുടർന്ന് ഉണ്ടായിരിക്കുന്നതാണ്.

6. <u>പ്രസവകാലാനുകൂല്യത്തിനുള്ള അവകാശവാദത്തിന്റെ നോട്ടീസും പ്രസവകാലാനുകൂല്യം കൊടുക്കലും.</u>—(1) ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിരിക്കുകയും, ഈ ആക്ററിലെ വ്യവസ്ഥകളിൻകീഴിൽ പ്രസവകാലാനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും സ്ത്രീക്ക്, തന്റെ പ്രസവകാലാനുകൂല്യവും, ഈ ആക്ററിൻകീഴിൽ തനിക്ക് അവകാശപ്പെട്ട മറേറതെങ്കിലും തുകയും, തനിക്കോ, താൻ നോട്ടീസിൽ നാമനിർദ്ദേശം ചെയ്യുന്ന ആരംക്കോ കൊടുക്കാവുന്നതാണെന്നും, താൻ

പ്രസവകാലാനുകൂല്യം വാങ്ങുന്നത് ഏതു കാലത്തേക്കാണോ, ആ കാലത്ത് താൻ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി ചെയ്യുകയില്ലെന്നും പ്രസ്താവിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ലിഖിതമായ നോട്ടീസ് തന്റെ നിയോജകന് നല്കാവുന്നതാണ്.

(2) ഗർഭമുള്ള സ്ത്രീയുടെ സംഗതിയിൽ, അങ്ങനെയുള്ള നോട്ടീസിൽ ഏത് തീയതി മുതല്ക്കാണോ അവൾ പ്രവർത്തിക്ക് ഹാജരാകാതിരിക്കുക, ആ തീയതി പ്രസ്താവിക്കേണ്ടതും, അത് അവളുടെ പ്രതീക്ഷിക്കപ്പെടുന്ന പ്രസവതീയതി മുതൽ ആറ് ആഴ്ചയിലും മുൻപല്ലാത്ത ഒരു തീയതി ആയിരിക്കേണ്ടതും ആകുന്നു.

(3) താൻ ഗർഭിണിയായിരുന്നപ്പോൾ നോട്ടീസ് നൽകിയിട്ടില്ലാത്ത ഏതെങ്കിലും സ്ത്രീക്ക്, പ്രസവത്തിനുശേഷം, കഴിയുന്നത്ര വേഗത്തിൽ അങ്ങനെയുള്ള നോട്ടീസ് നൽകാവുന്നതാണ്.

(4) നോട്ടീസ് കിട്ടുന്നതിൻമേൽ, നിയോജകൻ, അങ്ങനെയുള്ള സ്ത്രീയെ, അവളുടെ പ്രസവദിവസത്തിനുശേഷം, ആറ് ആഴ്ച കഴിയുന്നതുവരെ ആ സ്ഥാപനത്തിൽ ഹാജരാകാതിരിക്കാൻ അനുവദിക്കേണ്ടതാകുന്നു.

(5) ആ സ്ത്രീയുടെ, പ്രതീക്ഷിക്കപ്പെടുന്ന പ്രസവത്തിന്റെ തീയതിക്കു മുമ്പിലത്തെ കാലത്തേയ്ക്കുള്ള പ്രസവകാലാനുകൂല്യത്തിന്റെ തുക, അവൾ ഗർഭിണിയാണെന്നു സ്ഥാപിക്കാൻ വേണ്ട, നിർണ്ണയിക്കപ്പെടുന്ന തെളിവ് ഹാജരാക്കുന്നതിൻമേൽ, നിയോജകൻ അവൾക്ക് മുൻകൂറായി കൊടുക്കേണ്ടതും, പിന്നീടുള്ള കാലത്തേയ്ക്ക് കൊടുക്കാനുള്ള തുക നിയോജകൻ ആ സ്ത്രീക്ക്, ആ സ്ത്രീ ഒരു കുട്ടിയെ പ്രസവിച്ചുവെന്ന് സ്ഥാപിക്കാൻ വേണ്ട, നിർണ്ണയിക്കപ്പെടുന്ന തെളിവ് ഹാജരാക്കുന്നതിന്റെ നാല്പത്തെട്ടു മണിക്കൂറിനുള്ളിൽ കൊടുക്കേണ്ടതും ആകുന്നു.

(6) ഈ വകുപ്പിൻകീഴിൽ നോട്ടീസ് കൊടുക്കാതിരിക്കുന്നത്, ഒരു സ്ത്രീയ്ക്ക് പ്രസവകാലാനുകൂല്യത്തിനോ ഈ ആക്ടിൻകീഴിലെ മറേറതെങ്കിലും തുകയ്ക്കോ അങ്ങനെയുള്ള ആനുകൂല്യത്തിനോ തുകയ്ക്കോ അവർക്ക് മററുവിധത്തിൽ അവകാശമുണ്ടെങ്കിൽ, അവകാശമില്ലാതാക്കുന്നതല്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, ഇൻസ്പെക്ററർക്ക്, ഒന്നുകിൽ സ്വമേധയായോ, അല്ലെങ്കിൽ ആ സ്ത്രീയാൽ ആയാൾക്ക് നല്കപ്പെട്ട ഒരു അപേക്ഷയിൻമേൽ, അങ്ങനെയുള്ള ആനുകൂല്യമോ തുകയോ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന കാലത്തിനുള്ളിൽ കൊടുക്കാൻ ഉത്തരവു ചെയ്യാവുന്നതുമാകുന്നു.

7. സ്ത്രീ മരിക്കുന്ന സംഗതിയിൽ പ്രസവാനുകൂല്യം കൊടുക്കൽ.—പ്രസവകാലാനുകൂല്യത്തിനോ, ഈ ആക്ററിൻകീഴിലെ മറേറതെങ്കിലും തുകയ്ക്കോ അവകാശമുള്ള ഒരു സ്ത്രീ, അങ്ങനെയുള്ള പ്രസവകാലാനുകൂല്യമോ തുകയോ കിട്ടുന്നതിനു മുമ്പ് മരിക്കുകയാണെങ്കിലോ, അല്ലെങ്കിൽ നിയോജകൻ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ രണ്ടാം പരിമിതിവ്യവസ്ഥയ്ക്ക് കീഴിൽ പ്രസവകാലാനുകൂല്യം കൊടുക്കാൻ ബാദ്ധ്യസ്ഥനായിട്ടുള്ളിടത്തോ, നിയോജകൻ അങ്ങനെയുള്ള ആനുകൂല്യമോ തുകയോ വകുപ്പിൻ കീഴിൽ നല്കിയ നോട്ടീസ്സിൽ ആ സ്ത്രീ നാമനിർദ്ദേശം ചെയ്യുന്ന ആൾക്കും, അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഇല്ലെങ്കിൽ, അവളുടെ നിയമാനുസൃത പ്രതിനിധിക്കും കൊടുക്കേണ്ടതാകുന്നു.

8. മെഡിക്കൽ ബോണസ് നല്കുന്നത്.—ഈ ആക്ററിൻകീഴിൽ പ്രസവകാലാനുകൂല്യത്തിന് അവകാശമുള്ള ഏതൊരു സ്ത്രീയ്ക്കും, പ്രസവത്തിനു മുമ്പുള്ള കിടപ്പിനും പ്രസവാനന്തര ശുശ്രൂഷയ്ക്കും, തന്റെ നിയോജകൻ

സൗജന്യമായി ഏർപ്പാടു ചെയ്യുന്നില്ലെങ്കിൽ, നിയോജകനിൽനിന്ന് ഇരുപത്തഞ്ചുരൂപ മെഡിക്കൽ ബോണസ് കിട്ടാൻകൂടി അവകാശമുണ്ടായിരിക്കുന്നതാണ്.

9. ഗർഭമലസലിനുള്ള അവധി.—ഗർഭമലസലിന്റെ സംഗതിയിൽ ഒരു സ്ത്രീയ്ക്ക്, അതു സ്ഥാപിക്കാൻ വേണ്ട, നിർണ്ണയിക്കപ്പെടുന്ന തെളിവ് ഹാജരാക്കുന്നതിൻമേൽ, അവളുടെ ഗർഭമലസിയ ദിവസത്തിന് തൊട്ടുപിൻപുള്ള ആറാഴ്ചക്കാലത്തേയ്ക്ക് പ്രസവകാലാനുകൂലനിരക്കിലുള്ള കൂലിയോടു കൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

10. ഗർഭാവസ്ഥയിൽ നിന്നോ പ്രസവത്തിൽനിന്നോ കുട്ടിയുടെ അകാല ജനനത്തിൽ നിന്നോ ഗർഭം അലസലിൽനിന്നോ ഉദ്ഭവിക്കുന്ന സുഖക്കേടിനുള്ള അവധി.—ഗർഭാവസ്ഥയിൽനിന്നോ പ്രസവത്തിൽ നിന്നോ കുട്ടിയുടെ അകാല ജനനത്തിൽനിന്നോ ഗർഭമലസലിൽ നിന്നോ ഉദ്ഭവിക്കുന്ന സുഖക്കേടുള്ള ഒരു സ്ത്രീയ്ക്കു, അത് സ്ഥാപിക്കാൻ വേണ്ട നിർണ്ണയിക്കപ്പെടുന്ന തെളിവ് ഹാജരാക്കുന്നതിൻമേൽ, അതതുസംഗതിപോലെ, 6-ാം വകുപ്പിനോ 9-ാം വകുപ്പിനോ കീഴിൽ തനിക്ക് ഹാജരാകാതിരിക്കാൻ അനുവദിക്കുന്ന കാലത്തിന് പുറമേ പരമാവധി ഒരു മാസക്കാലത്തേയ്ക്കു പ്രസവകാലാനുകൂല്യ നിരക്കിലുള്ള കൂലിയോടുകൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

11. മുലകൊടുക്കാനുള്ള ഒഴിവുകൾ.—ഒരു കുട്ടിയെ പ്രസവിച്ച്, അങ്ങനെയുള്ള പ്രസവത്തിനുശേഷം ഡ്യൂട്ടിയ്ക്ക് തിരിച്ചുവരുന്ന ഏതൊരു സ്ത്രീയ്ക്കും, അവൾക്ക് അനുവദിക്കപ്പെടുന്ന വിശ്രമത്തിനുള്ള ഇടവേളയ്ക്കു പുറമെ, കുട്ടിയ്ക്ക് പതിനഞ്ചുമാസം പ്രായമാകുന്നതുവരെ, കുട്ടിയ്ക്കു മുലകൊടുക്കുന്നതിനായി, നിർണ്ണയിക്കപ്പെടുന്ന കാലയളവുള്ള രണ്ട് ഒഴിവുകൾ, അവളുടെ ദിവസേനയുള്ള പ്രവൃത്തിയ്ക്കിടയിൽ അനുവദിക്കേണ്ടതാകുന്നു.

12. ഹാജരാകാതിരിക്കുന്നതോ ഗർഭമുള്ളതോ ആയ കാലത്തെ ഡിസ്മിസ്സൽ.—(1) ഒരു സ്ത്രീ പ്രവൃത്തിക്ക് ഹാജരാകാതിരിക്കുന്നത് ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കുമ്പോൾ, അവളുടെ നിയോജകൻ, അങ്ങനെ ഹാജരില്ലാത്ത കാലത്തോ ഹാജരാകാതിരുന്ന കാരണത്താലോ അവളെ ഡിസ്ചാർജ് ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ അങ്ങനെ ഹാജരില്ലാത്ത കാലത്ത് നോട്ടീസിന്റെ കാലം കഴിയത്തക്ക ഒരു ദിവസം ഡിസ്ചാർജ് ചെയ്യപ്പെടുന്നതിനോ ഡിസ്മിസ് ചെയ്യപ്പെടുന്നതിനോ ഉള്ള നോട്ടീസ് നല്കുന്നതോ, അല്ലെങ്കിൽ അവളുടെ സേവനവ്യവസ്ഥകളിൽ ഏതെങ്കിലും അവൾക്ക് പ്രതികൂലമായി വ്യത്യാസപ്പെടുത്തുന്നതോ നിയമാനുസൃതമായിരിക്കുന്നതല്ല.

(2) (ക) ഒരു സ്ത്രീയുടെ ഗർഭകാലത്ത്, അവൾ ഗർഭിണിയായിരിക്കുന്ന ഏതെങ്കിലും സമയത്തുള്ള ഡിസ്ചാർജ്ജിനോ ഡിസ്മിസ്സലിനോ, അങ്ങനെയുള്ള ഡിസ്ചാർജ്ജോ, ഡിസ്മിസ്സലോ ഇല്ലാത്തപക്ഷം, ആ സ്ത്രീയ്ക്ക് 3-ാം വകുപ്പിൽ പരാമർശിച്ച പ്രസവകാലാനുകൂല്യത്തിനോ മെഡിക്കൽ ബോണസ്സിനോ അവകാശമുണ്ടാകുമായിരുന്നുവെങ്കിൽ, ആ പ്രസവകാലാനുകൂല്യമോ, മെഡിക്കൽ ബോണസ്സോ, അവൾക്ക് ഇല്ലാതാക്കുന്ന പ്രഭാവം ഉണ്ടായിരിക്കുന്നതല്ല:

എന്നാൽ, ഡിസ്മിസ്സൽ, നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും കടുത്ത നടപടദൂഷ്യത്തിനായിരിക്കുന്നിടത്ത്, നിയോജകന്, ആ സ്ത്രീയെ അറിയിക്കുന്ന ലിഖിതമായ ഉത്തരവുവഴി, ആ പ്രസവകാലാനുകൂല്യമോ മെഡിക്കൽ ബോണസ്സോ രണ്ടുമോ അവൾക്ക് ഇല്ലാതാക്കാവുന്നതാണ്.

(ഖ) പ്രസവകാലാനുകൂല്യമോ മെഡിക്കൽ ബോണസോ, രണ്ടുമോ തനിക്കു ഇല്ലാതാക്കപ്പെടുന്ന ഒരു സ്ത്രീയ്ക്ക്, അങ്ങനെ ഇല്ലാതാക്കുന്ന ഉത്തരവ്, തന്നെ അറിയിച്ച തീയതി മുതൽ അറുപതു ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തേക്ക് അപ്പീൽ കൊടുക്കാവുന്നതും, പ്രസവകാലാനുകൂല്യമോ മെഡിക്കൽ ബോണസോ രണ്ടുമോ ആ സ്ത്രീയ്ക്ക് ഇല്ലാതാകേണ്ടതാണോ അല്ലയോ എന്നുള്ള ആ അധികാരസ്ഥാനത്തിന്റെ അങ്ങനെയുള്ള അപ്പീലിലെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ഗ) ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, (1)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

13. ചില സംഗതികളിൽ കൂലിയിൽ കിഴിവ് പാടില്ലെന്ന്.—ഈ ആക്ററിലെ വ്യവസ്ഥകൾക്കുകീഴിൽ പ്രസവകാലാനുകൂല്യത്തിന് അവകാശമുള്ള ഒരു സ്ത്രീയുടെ സാധാരണ പതിവ് ദിവസക്കൂലിയിൽനിന്ന്—

(ക) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ അടങ്ങിയ വ്യവസ്ഥകളുടെ ബലത്തിൽ, അവർക്ക് നല്കുന്ന പ്രവൃത്തയുടെ പ്രകൃതമോ; അല്ലെങ്കിൽ

(ഖ) 11-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴിൽ കുട്ടിയുടെ പരിചരണത്തിനു അവർക്കു അനുവദിക്കുന്ന ഒഴിവുകളോ,

കാരണമായിമാത്രം യാതൊരുകിഴിവും ചെയ്യാൻ പാടുള്ളതല്ല.

14. ഇൻസ്പെക്ടർമാരുടെ നിയമനം.—സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിലെ വിജ്ഞാപനം വഴി, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ഇൻസ്പെക്ടർമാരായിരിക്കുന്നതിന് യുക്തമെന്ന് തോന്നുന്ന ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതും, ഏത് അധികാരിതയ്ക്കുള്ളിലാണോ അവർ ഈ ആക്ററിൻകീഴിലെ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കേണ്ടത്, ആ അധികാരിതയുടെ തദ്ദേശാതിർത്തികൾ നിർവ്വചിക്കാവുന്നതും ആണ്.

15. ഇൻസ്പെക്ടർമാരുടെ അധികാരവും കർത്തവ്യങ്ങളും.—ഇൻസ്പെക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന പരിമിതികൾക്കോ ഉപാധികൾക്കോ വിധേയമായി, താഴെപ്പറയുന്ന എല്ലാ അധികാരങ്ങളുമോ അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കാവുന്നതാണ്, അതായത്:—

(ക) ന്യായമായ എല്ലാ സമയങ്ങളിലും ഗവൺമെൻറിന്റേയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റേയോ, മററ് പബ്ലിക്ക് അധികാരസ്ഥാനത്തിന്റേയോ സർവ്വീസിലുള്ള ആളുകളായ, യുക്തമെന്നുതോന്നുന്ന അസിസ്ററൻറുമാർ, വല്ലവരുമുണ്ടെങ്കിൽ, അവരോടുകൂടി, ഒരു സ്ഥാപനത്തിൽ സ്ത്രീകളെ നിയോജിക്കുന്നതോ അവർക്ക് പ്രവൃത്തി നല്കുന്നതോ ആയ ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ സ്ഥലത്തോ, വച്ചുപോരുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ ഈ ആക്ററോ ആക്ററിൻ കീഴിലോ ആവശ്യപ്പെടുന്ന ഏതെങ്കിലും രജിസ്ററുകളും റിക്കാർഡുകളും നോട്ടീസ്സുകളും പരിശോധിക്കുന്നതിനുവേണ്ടി പ്രവേശിക്കുകയും, അവ ഇൻസ്പെക്ഷന് ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്യൽ;

(ഖ) ഏതെങ്കിലും കെട്ടിട പരിസരങ്ങളിലോ സ്ഥലത്തോ താൻ കാണുകയും, ആ സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിരിക്കയാണെന്ന് വിശ്വസിക്കാൻ തനിക്ക് ന്യായമായ കാരണമുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളെ വിസ്തരിക്കൽ ;

എന്നാൽ, തന്നെ കുററക്കാരനാക്കാൻ പ്രവണതയുള്ള ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുകയോ തെളിവു നല്കുകയോ ചെയ്യാൻ യാതൊരാളും ഈ വകുപ്പിൻകീഴിൽ നിർബന്ധിക്കപ്പെടാൻ പാടുള്ളതല്ല ;

(ഗ) നിയോജകനോട്, നിയോജിക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ പേരും മേൽവിലാസവും, അവർക്ക് കൊടുത്ത തുകകളും ഈ ആക്ററിൻ കീഴിൽ അവരിൽനിന്ന് കിട്ടിയിട്ടുള്ള അപേക്ഷകളും അല്ലെങ്കിൽ നോട്ടീസുകളും സംബന്ധിച്ച വിവരം നല്കാൻ ആവശ്യപ്പെടൽ ;

(ഘ) ഏതെങ്കിലും രജിസ്ററുകളുടേയോ റിക്കാർഡുകളുടേയും നോട്ടീസ്സുകളുടേയുമോ അവയുടെ ഏതെങ്കിലും ഭാഗങ്ങളുടേയോ പകർപ്പുകരം എടുക്കൽ ;

16. ഇൻസ്പെക്ററർമാർ പബ്ലിക് സർവൻറുമാരായിരിക്കുമെന്ന്.—ഈ ആക്ററിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതൊരു ഇൻസ്പെക്ററും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

17. പണം കൊടുക്കാൻ നിദേശിക്കാനുള്ള ഇൻസ്പെക്ററർമാരുടെ അധികാരം.—(1) ഈ ആക്ററിൻകീഴിൽ തനിക്ക് അവകാശമുള്ള പ്രസവകാലാനുകൂല്യമോ മറേറതെങ്കിലും തുകയോ ശരിയല്ലാത്ത വിധം പിടിച്ചുവച്ചിരിക്കുന്നു എന്നു അവകാശപ്പെടുന്ന ഏതെങ്കിലും സ്ത്രീയ്ക്കും, 7-ാം വകുപ്പിൻ കീഴിൽ തനിക്ക് കിട്ടാനുള്ള പണം ശരിയല്ലാത്ത വിധം പിടിച്ചുവച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്ന ഏതെങ്കിലും ആരംക്കും ഇൻസ്പെക്ററർക്ക് പരാതി കൊടുക്കാവുന്നതാണ്.

(2) ഇൻസ്പെക്ററർക്ക്, സ്വയമേവ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പരാതി കിട്ടുന്നതിൻമേൽ ഒരു അന്വേഷണ വിചാരണ നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതും, അന്യായമായി പണം കൊടുക്കാതെ പിടിച്ചുവച്ചിരിക്കുകയാണെന്ന് ബോദ്ധ്യപ്പെടുന്നു എങ്കിൽ, തൻെറ ഉത്തരവനുസരിച്ച് പണം കൊടുക്കാൻ നിദേശിക്കാവുന്നതും ആണ്.

(3) ഇൻസ്പെക്ററുടെ (2)-ാം ഉപവകുപ്പിൻ കീഴിലെ തീരുമാനത്താൽ സങ്കടക്കാരനായ ഏതെങ്കിലും ആരം, അങ്ങനെയുള്ള തീരുമാനം, തന്നെ അറിയിക്കുന്ന തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടുന്ന അധികാര സ്ഥാനത്തേക്ക് അപ്പീൽ ചെയ്യാവുന്നതാണ്.

(4) നിർണ്ണയിക്കപ്പെടുന്ന അധികാര സ്ഥാനത്തിന് (3)-ാം ഉപവകുപ്പിൻ കീഴിൽ അപ്പീൽ കൊടുത്തിട്ടുള്ളിടത്ത്, ആ അധികാരസ്ഥാനത്തിൻേറയോ അങ്ങനെ അപ്പീൽ കൊടുത്തിട്ടില്ലാത്തിടത്ത്, ഇൻസ്പെക്ററുടേയോ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ കൊടുക്കേണ്ട ഏതെങ്കിലും തുക, ഭൂമിക്കരക്കുടിശ്ശികപോലെ വസൂലാക്കാവുന്നതായിരിക്കുന്നതാണ്.

18. പ്രസവകാലാനുകൂല്യം നഷ്ടപ്പെടൽ.—ഒരു സ്ത്രീ, 6-ാം വകുപ്പിലെ വ്യവസ്ഥകരംക്കുകീഴിൽ ഹാജരാകാതിരിക്കുന്നതിന് നിയോജകൻ, തന്നെ അനുവദിച്ചതിനുശേഷം, അങ്ങനെയുള്ള പ്രാധികൃതമായ ഹാജരാകാതിരിക്കലിനിടയ്ക്ക് ഏതെങ്കിലും കാലം ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള കാലത്തേയ്ക്ക് പ്രസവകാലാനുകൂല്യത്തിനുള്ള അവളുടെ അവകാശം അവരംക്ക് നഷ്ടപ്പെടുന്നതാണ്

19. ആക്ററിൻേറയും അതിൻ കിഴിലുളള ചട്ടങ്ങളുടേയും സംക്ഷേപം പ്രദർശിപ്പിക്കേണ്ടതാണെന്ന്.—ഈ ആക്ററിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയും വ്യവസ്ഥകളുടെ, തദ്ദേശഭാഷയിലോ ഭാഷകളിലോ, ഉളള ഒരു സംക്ഷേപം നിയോജകൻ സ്ഥാപനത്തിലെ, സ്ത്രീകരം നിയോജിക്കപ്പെടുന്ന ഏതൊരു ഭാഗത്തും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാകുന്നു.

20. രജിസ്ററുകരം മുതലായവ.—ഏതൊരു നിയോജകനും, നിർണ്ണയിക്കപ്പെടുന്ന രജിസ്ററുകളും, റിക്കാർഡുകളും, മസ്ററർ റോളുകളും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ തയ്യാറാക്കുകയും വച്ചുപോരുകയും ചെയ്യേണ്ടതാകുന്നു.

21. നിയോജകൻ ആക്ററ് ഉല്ലംഘിക്കുന്നതിനുളള ദണ്ഡനം.—ഏതെങ്കിലും നിയോജകൻ, ഈ ആക്ററിലേയോ, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ വ്യവസ്ഥകരം ഉല്ലംഘിക്കുന്നുവെങ്കിൽ, അയാരം മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, അതിനുപുറമേ ആ ഉല്ലംഘനം പ്രസവകാലാനുകൂല്യം സംബന്ധിച്ചതോ മറേറതെങ്കിലും തുക കൊടുക്കുന്നത് സംബന്ധിച്ചതോ ആയ ഏതെങ്കിലും വ്യവസ്ഥയുടെ ഉല്ലംഘനമായിരിക്കുകയും, അങ്ങനെയുളള പ്രസവകാലാനുകൂല്യമോ തുകയോ വസൂലാക്കിക്കഴിഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി, അങ്ങനെയുളള പ്രസവകാലാനുകൂല്യമോ തുകയോ, പിഴ ആയിരുന്നാലെന്നപോലെ വസൂലാക്കുകയും അതിന് അവകാശപ്പെട്ട ആരംക്ക് കൊടുക്കുകയും ചെയ്യേണ്ടതും ആകുന്നു.

22. ഇൻസ്പെക്ററെ തടസ്സപ്പെടുത്തുന്നതിനുളള ദണ്ഡനം.—ഈ ആക്ററിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങരംക്കോ അനുസൃതമായി വച്ചുപോരുന്നതും തൻെറ കസ്ററഡിയിലുളളതുമായ ഏതെങ്കിലും രജിസ്ററോ രേഖയോ ഇൻസ്പെക്ററർ ആവശ്യപ്പെടുന്നതിൻമേൽ, ഹാജരാക്കാതിരിക്കുകയോ, അല്ലെങ്കിൽ ഇൻസ്പെക്ററുടെ മുമ്പിൽ ഹാജരാകുന്നതിൽ നിന്നോ, ഇൻസ്പെക്ററരാൽ വിസ്തരിക്കപ്പെടുന്നതിൽനിന്നോ ഏതെങ്കിലും ആളെ ഒളിപ്പിച്ചു വയ്ക്കുകയോ തടയുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നു മാസത്തോളമാകാവുന്ന തടവുശിക്ഷയോ, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

23. കുററങ്ങരം നടപടിക്കെടുക്കുന്നത്.—(1) ഈ ആക്ററിനോ അതിൻ കീഴിൻ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററത്തിനുളള യാതൊരു പ്രാസിക്യൂഷനും, ആ കുററം ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ ഒരു വർഷം കഴിഞ്ഞതിനുശേഷം ആരംഭിക്കാൻ പാടില്ലാത്തതും, അങ്ങനെയുളള യാതൊരു പ്രാസിക്യൂഷനും ഇൻസ്പെക്ററരോ ഇൻസ്പെക്ററുടെ മുന്നനുമതിയോടുകൂടിയോ അല്ലാതെ ആരംഭിക്കാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ, മുൻപറഞ്ഞ ഒരു വർഷക്കാലം കണക്കുകൂട്ടുന്നതിൽ, അങ്ങനെയുളള മുന്നനുമതി ലഭിക്കാൻ വേണ്ടി വല്ലസമയവും എടുത്തിട്ടുണ്ടെങ്കിൽ, അത് ഒഴിച്ചു നിറുത്തപ്പെടുന്നതാകുന്നു.

(2) പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ്സ് മജിസ്ട്രേററിൻേറയോ കോടതിയിൽ താഴെയുളള യാതൊരു കോടതിയും, അങ്ങനെയുളള ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുളളതല്ല.

24. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.—ഈ ആക്റ്റോ, അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച്, ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ, ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും, അല്ലെങ്കിൽ പ്രാസിക്യൂഷനും, അല്ലെങ്കിൽ മററ് നിയമ നടപടിയും നിലനില്ക്കുന്നതല്ല.

25. നിർദ്ദേശങ്ങൾ നല്കുന്നതിന് കേന്ദ്രഗവൺമെൻറിനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ കൊണ്ടുവരുന്നത് സംബന്ധിച്ച്, ആവശ്യമെന്ന് കരുതുന്ന നിർദേശങ്ങൾ ഒരു സ്റ്റേററ് ഗവൺമെൻറിന് നല്കാവുന്നതും, സ്റ്റേററ് ഗവൺമെൻറ് അങ്ങനെയുള്ള നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആകുന്നു.

26. സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.—ഒരു സ്ഥാപനമോ തരം സ്ഥാപനങ്ങളോ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവയിലും കുറഞ്ഞ ആനുകൂല്യമുള്ളവയല്ലാത്ത ഗുണങ്ങൾ നല്കാൻ വ്യവസ്ഥ ചെയ്യുന്നത് പരിഗണിച്ച്, ആ സ്ഥാപനത്തേയോ തരം സ്ഥാപനങ്ങളേയോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിൻേറയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിൻേറയോ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്ന്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികളും പരിമിതികളും, വല്ലതും ഉണ്ടെങ്കിൽ അവയ്ക്ക് വിധേയമായി, ഒഴിവാക്കുന്നത് ആവശ്യകമാണെന്ന് സമുചിത ഗവൺമെൻറിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ അതിന് അപ്രകാരം ചെയ്യാവുന്നതാണ്.

27. ഈ ആക്റ്റിനോട് അസംഗതമായ നിയമങ്ങളുടേയും കരാറുകളുടേയും പ്രഭാവം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി മറേറതെങ്കിലും നിയമത്തിലോ, ഏതെങ്കിലും അവാർഡിൻേറയോ, കരാറിൻേറയോ, സേവന കാൺട്രാക്റ്റിൻേറയോ നിബന്ധനകളിലോ—ഈ ആക്ററ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ പിമ്പോ ഉണ്ടാക്കിയതായാലും എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ, ഒരു സ്ത്രീയ്ക്ക്, അങ്ങനെയുള്ള ഏതെങ്കിലും അവാർഡിനോ കരാറിനോ സേവന കാൺട്രാക്റ്റിനോ കീഴിലോ, മററു വിധത്തിലോ ഏതെങ്കിലും വിഷയം സംബന്ധിച്ച്, ഈ ആക്റ്റിൻ കീഴിൽ അവൾക്ക് അവകാശപ്പെട്ട ഗുണങ്ങളിലും കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് അവകാശമുള്ളിടത്ത്, ആ വിഷയം സംബന്ധിച്ച് അവൾക്ക് ആ കൂടുതൽ അനുകൂലമായ ഗുണങ്ങൾക്ക് ഈ ആക്റ്റിൻ കീഴിൽ അവൾക്ക് മററു വിഷയങ്ങൾ സംബന്ധിച്ച്, ഗുണങ്ങൾ കിട്ടുന്നതിന് അവകാശമുണ്ടെന്നിരുന്നാലും, തുടർന്ന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ അടങ്ങിയ യാതൊന്നിനും, ഒരു സ്ത്രീയെ, ഏതെങ്കിലും വിഷയം സംബന്ധിച്ച് ഈ ആക്റ്റിൻ കീഴിൽ തനിക്ക് അവകാശമുള്ളവയിലും കൂടുതൽ അനുകൂലമായ അവകാശങ്ങളോ വിശേഷാവകാശങ്ങളോ നല്കുന്നതിനുവേണ്ടി തൻെറ നിയോജകനുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനെ തടയുന്നതായി അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

28. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സമുചിത ഗവൺമെൻറിന്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കു വിധേയമായും, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) രജിസ്ററുകളും, റിക്കാർഡുകളും, മസ്ററർ—റോളുകളും തയ്യാറാക്കുന്നതിനും വച്ചു പോരുന്നതിനും;

(ഖ) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് ഇൻസ്പെക്ടർമാർ (സ്ഥാപനങ്ങളുടെ ഇൻസ്പെക്ഷൻ ഉൾപ്പെടെ) അധികാരങ്ങൾ പ്രയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും;

(ഗ) ഈ ആക്ററിൻ കീഴിൽ പ്രസവകാലാനുകൂല്യവും മററാനുകൂല്യങ്ങളും, കൊടുക്കുന്ന സമ്പ്രദായത്തിന് ഈ വ്യവസ്ഥ ചെയ്തിട്ടില്ലാത്തിടത്തോളം, അതിനും;

(ഘ) 6-ാം വകുപ്പിൻകീഴിലെ നോട്ടീസുകളുടെ ഫാറത്തിനും;

(ങ) ഈ ആക്ററിലെ വ്യവസ്ഥകൾക്കുകീഴിൽ ആവശ്യപ്പെടുന്ന വസ്തുത സ്ഥാപിക്കാൻ വേണ്ട തെളിവിൻെറ പ്രകൃതത്തിനും;

(ച) 11-ാം വകുപ്പിൽ പരാമർശിച്ച പരിചരണത്തിനുള്ള ഒഴിവുകളുടെ കാലയളവിനും;

(ഛ) 12-ാം വകുപ്പിൻെറ ആവശ്യങ്ങൾക്ക് കടുത്ത നടപടി ദൂഷ്യമായി ത്തീരുന്ന കൃത്യങ്ങൾക്കും;

(ജ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ ഏത് അധികാരസ്ഥാനത്തേക്കാണോ അപ്പീൽ ഉണ്ടായിരിക്കുന്നത്, ആ അധികാരസ്ഥാനത്തിനും അങ്ങനെയുള്ള അപ്പീൽ കൊടുക്കാനുള്ള ഫാറത്തിനും രീതിക്കും അത് തീർപ്പാക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമത്തിനും;

(ഝ) ഏത് അധികാരസ്ഥാനത്തേക്കാണോ ഇൻസ്പെക്ടറുടെ 17-ാം വകുപ്പിൻകീഴിലെ തീരുമാനത്തിനെതിരായി അപ്പീൽ ഉണ്ടായിരിക്കുന്നത്, ആ അധികാരസ്ഥാനത്തിനും; അങ്ങനെയുള്ള അപ്പീൽ കൊടുക്കേണ്ട ഫാറത്തിനും രീതിക്കും, അതു തീർപ്പാക്കുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമത്തിനും;

(ഞ) ഇൻസ്പെക്ടർമാർക്ക് 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ കൊടുക്കുന്ന പരാതികൾ ഏതു ഫാറത്തിലും രീതിയിലും ആയിരിക്കാമെന്നുള്ളതിനും, ആ വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്തുകയോ നടത്തിക്കുകയോ ചെയ്യുമ്പോൾ, അവർ അനുവർത്തിക്കേണ്ട നടപടിക്രമത്തിനും;

(ട) നിർണ്ണയിക്കപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററതെങ്കിലും വിഷയത്തിനും, വ്യവസ്ഥചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ, അത് അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടു

ത്തുവരുന്ന മുൻപ്രസ്താവിച്ച സമ്മേളനമോ സമ്മേളനങ്ങളോ അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റേറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

29. 1951-ലെ 69-ാം ആക്ററിന്റെ ഭേദഗതി.—തോട്ടം തൊഴിലാളി ആക്ററ്, 1951-ലെ 32-ാം വകുപ്പിൽ—

(ക) (1)-ാം ഉപവകുപ്പിൽ, "സുഖക്കേടിന്റെ സംഗതിയിൽ" എന്ന വാക്കുകൾക്ക് മുമ്പുള്ള " (ക) " എന്ന അക്ഷരവും ആവരണചിഹ്നങ്ങളും, "സുഖക്കേടിനുള്ള ബത്ത" എന്ന വാക്കുകൾക്കുശേഷമുള്ള "ഉം" എന്നവാക്കും, (ഖ) ഖണ്ഡവും വിട്ടുകളയേണ്ടതാണ്.

(ഖ) (2)-ാം ഉപവകുപ്പിൽ, "അല്ലെങ്കിൽ പ്രസവം" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

30. റദ്ദാക്കൽ.— ഈ ആക്ററ്,—

(i) ഖനികളെ സംബന്ധിച്ച് ബാധകമാകുന്നതോടെ, ഖനികൾ പ്രസവകാലാനുകൂല്യ ആക്ററ്, 1941 (1941-ലെ 19)-ം.

(ii) ഡൽഹി യൂണിയൻ രാജ്യക്ഷേത്രത്തിൽ സ്ഥിതിചെയ്യുന്ന ഫാക്ററികൾക്ക് ബാധകമാകുന്നതോടെ, ആ രാജ്യക്ഷേത്രത്തിൽ പ്രാബല്യത്തിലിരിക്കുന്ന പ്രകാരമുള്ള ബാംബേ മെറേണിററി ബനിഫിററ് ആക്ററ്, 1929 (1929-ലെ 11-ാം ബോംബെ ആക്ററ്)-ം.

റദ്ദാക്കപ്പെട്ടു നില്ക്കുന്നതാകുന്നു.